# ഖുര്‍ആനിലെ ഭൗതിക ദൃഷ്ടാന്തങ്ങള്‍



''ഒരൊറ്റ അസ്തിത്വത്തില്‍നിന്ന് അവന്‍ (ഏക ദൈവം) നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് അതില്‍ നിന്ന് അതിന്റെ ഇണയെയും അവന്‍ ഉണ്ടാക്കി. കന്നുകാലികളില്‍നിന്ന് എട്ടു ജോടികളെയും അവന്‍ ഇറക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ വയറുകളില്‍ നിങ്ങളെ അവന്‍ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങള്‍ക്കുള്ളില്‍ സൃഷ്ടിയുടെ ഒരു ഘട്ടത്തിനു ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങള്‍ (സത്യത്തില്‍നിന്ന്) എങ്ങനെയാണ് വഴിതെറ്റിക്കപ്പെടുന്നത്?''

(ഖുര്‍ആന്‍ 39: 6)

## മൂന്നുതരം അന്ധകാരം

ശാസ്ത്രം ഭ്രൂണത്തെ വിശദമായി പഠനവിധേയമാക്കിയിട്ട് വര്‍ഷം ഏറെ പിന്നിട്ടിട്ടില്ല. പതിനാല് നൂറ്റാണ്ടുകള്‍ക്ക മുമ്പ് ഖുര്‍ആന്‍ മനുഷ്യലോകത്തെ ബോധ്യപ്പെടുത്തിയ സത്യം കണ്ടെത്താന്‍ നമുക്ക് പിന്നെയും നൂറ്റാണ്ടുകള്‍ കാത്തിരിക്കേണ്ടിവന്നു. അതുവരെ തദ്വിഷയകമായി പല അബദ്ധധാരണകളിലുമായിരുന്നു നാം.

മാതാക്കളുടെ ഗര്‍ഭാശയങ്ങളിലെ മൂന്നു തരം ഉറകള്‍ക്കുള്ളിലാണ് ഭ്രൂണം സ്ഥിതി ചെയ്യുന്നത്. അകത്തെ ഭ്രൂണപടലം, ഗര്‍ഭകോശം, ശ്ലേഷ്മ കല എന്നിവയാണവ. ഇവ നഗ്നദൃഷ്ടിയില്‍ വേര്‍ത്തിരിഞ്ഞു കാണുകയില്ല. ഒന്നിനെയും അകത്തേക്ക് പ്രവേശിക്കാനനുവദിക്കാതെ ഈ മൂന്നു ഉറകള്‍ ഭ്രൂണത്തെ കാത്തുസൂക്ഷിക്കുന്നു. ഇതാണ് മൂന്ന് അന്ധകാരങ്ങള്‍ കൊണ്ടുദ്ദേശിക്കുന്നത്.

എന്‍ഡ്രോമെട്രിയ എന്നറിയപ്പെടുന്ന ഭിത്തിയില്‍ അള്ളിപ്പിടിച്ചാണ് ഭ്രൂണം വളരുന്നത്. ഗര്‍ഭസ്ഥശിശുവിനെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയുമാണ് ഗര്‍ഭാശയത്തിന്റെ ജോലി. സാധാരണ 8 CM നീളവും 6 CM വീതിയുമാണ് ഗര്‍ഭാശയത്തിനുണ്ടാവുക. 2 മില്ലിയാണ് അതിന്റെ അകവിസ്തൃതി. ഗര്‍ഭത്തിന്റെ അവസാനാകുമ്പോഴേക്ക് അത് 7000 മില്ലി വരെ വിസ്തൃതിയുള്ളതായി മാറും. ഗര്‍ഭമില്ലാത്ത സമയത്ത് അതിന്റെ ഭാരം 50 ഗ്രാമായിരിക്കും. ഗര്‍ഭാവസ്ഥയില്‍ ഒന്നും അതിലധികവും കിലോ ഭരം അതിനുണ്ടാകും. ഭ്രൂണവളര്‍ച്ചക്കനുസൃതമായി ഗര്‍ഭപാത്രവും വളരും. പ്രസവമടുക്കുമ്പോഴേക്ക് അതിന് മുപ്പത് സെന്റീമീറ്റര്‍ വലുപ്പമുണ്ടാകും. ഉറപ്പേറിയ ഈ അവയവം സജീവമാകുന്നത് ഗര്‍ഭധാരണയോടെയാകുന്നു. അതോടെ അത് മൃതുലമാവുകയും ഭ്രൂണത്തോടൊപ്പം വളരുകയും ചെയ്യും. വളരെ കട്ടിയുള്ള പേശികള്‍ കൊണ്ടാണ് ഗര്‍ഭപാത്രം നിര്‍മിക്കപ്പെട്ടിരിക്കുന്നത്. ഇവയത്രെ പ്രസ്തുത അറകള്‍. ഈ മൂന്ന് ഇരുട്ടറകള്‍ക്കുള്ളിലാണ് ഭ്രൂണം സുരക്ഷിതമായി വളരുന്നത്.

ഈ അറകള്‍ ഗര്‍ഭസ്ഥശിശുവിന് ചെറിയ സംരക്ഷണമൊന്നുമല്ല നല്‍കുന്നത്. അതിന്റെ വളര്‍ച്ചക്കാവശ്യമായ സംവിധാനത്തോടൊപ്പം വെളിച്ചമടക്കമുള്ള ഉപദ്രവങ്ങളില്‍നിന്നും ഈ ഉറകള്‍ കുഞ്ഞിനെ സംരക്ഷിക്കുന്നു. സ്രഷ്ടാവിന്റെ ഈ സൃഷ്ടിവൈഭവം മനുഷ്യനെ ചിന്തിപ്പിക്കേണ്ടതാകുന്നു.

**അബ്ദുല്‍ ജലീല്‍ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com